# Malayalam Department

## വായനാ വാരാഘോഷം - June 19



**കോട്ടയം ബസേലിയോസ് കോളേജ് മലയാള വിഭാഗം വായനാവാരാഘോഷം 2019.**

വായനാദിനത്തോടനുബന്ധിച്ച് ജൂൺ 17 മുതൽ 21 വരെ ബസേലിയോസ് കോളജ് മലയാള വിഭാഗത്തിൻ്റെ ആഭിമുഖ്യത്തിൽ ഇറയത്ത് ഇത്തിരി നേരം സാംസ്കാരിക കൂട്ടായ്മയുടെ സഹകരണത്തോടെ വായനാവാരാഘോഷം നടത്തും. വായനാദിനമായ ജൂൺ 19 ന 3 മണിക്ക് ഈ വർഷത്തെ സാഹിത്യ അക്കാദമി അവാർഡ് ജേതാവായ കഥാകൃത്ത് ശ്രീ.അയ്മനം ജോൺ വായനാവാരാഘോഷം ഉദ്ഘാടനം ചെയ്യും.മലയാള വിഭാഗം മേധാവി പ്രൊഫ.തോമസ് കുരുവിള അധ്യക്ഷത വഹിക്കും. ഡോ. സെൽവി സേവ്യർ രചിച്ച ചെറുകഥ, നോവൽ: പഠനവും, നിരൂപണവും എന്ന പുസ്തകം ചടങ്ങിൽ പ്രകാശനം ചെയ്യും.കോളേജ് പ്രിൻസിപ്പൽ ഡോ.ജാൻസി തോമസ് പുസ്തകം ഏറ്റുവാങ്ങും.കോളേജ് വിദ്യാർത്ഥികൾക്കായി 17 തിങ്കൾ 3 മണിക്ക് നോവൽ, ചെറുകഥ വായനാ മത്സരവും 20, 21 തീയതികളിൽ കഥ, കവിത രചനാ മത്സരങ്ങളും നടത്തപ്പെടും.

**മലയാള വിഭാഗത്തിനു വേണ്ടി**

പ്രൊഫ. ശരത്.പി.നാഥ്
(മലയാളം അസോസിയേഷൻ വൈസ് പ്രസിഡൻ്റ്) Mob.no: 9188233263.

അമൽ ജോൺ ജേക്കബ്
(മലയാളം അസോസിയേഷൻ സെക്രട്ടറി) Mob.no: 9207839588

പ്രൊഫ.തോമസ് കുരുവിള
(മലയാളം വകുപ്പ് മേധാവി)
Mob.no: 9847877290

# Gandhiji മലയാള സാഹിത്യത്തിൽ –August 26,27

# National Seminar on Gandhiji

National seminar on

"Gandhiji in  Malayalam Literature" organised by Kendra Sahitya Academy,

Sukumar Azheekode trust and dept. of Malayalam









ബസേലിയസ് കോളജ് മലയാള വിഭാഗം, സുകുമാർ അഴീക്കോട് ട്രസ്റ്റ്, കേന്ദ്ര സാഹിത്യ അക്കാ
എന്നിവ ചേർന്ന് നടത്തിയ 'ഗാന്ധിജി മലയാള സാഹിത്യത്തിൽ' ദേശീയ സെമിനാർ പ്രഫ.എം.
സ് മാത്യു ഉദ്ഘാടനം ചെയ്യുന്നു.















# Mazha Call - 25/09/2019










# With Shanti Bavul






# Neelamperoor Padayani 27/09/2019

KTM

## പടയണിയുടെ പൈതൃകംതേടി കലാലയ വിദ്യാർഥികളുടെ പഠനയാത്ര



നീലംപേരൂർ പടയണി കളത്തിൽ പടയണിയുടെ പൈതൃകം തേടിയെത്തിയ ബസേലിയസ് കോളേജിലെ അധ്യാപകരും വിദ്യാർഥികളും

**ചങ്ങനാശേരി**

നീലംപേരൂർ ദേശത്തിന്റെ ചരിത്രവും പുരാവൃത്തവും കലയും സംസ്കാരവും സമന്വയിക്കുന്ന പൂരം പടയണിയുടെ പൈതൃകം തേടി നീലംപേരൂർ പടയണിക്കളത്തിലേക്ക് വിദ്യാർഥികളുടെ പഠനയാത്ര.

കോട്ടയം ബസേലിയസ് കോളേജിലെ ബിഎ മലയാളം ഒന്നാം വർഷ വിദ്യാർഥികളാണ് അധ്യാപകരോടൊപ്പം പടയണി ഗ്രാമമായ നീലംപേരൂരിൽ അറിവ് [illegible] ബിഎ മലയാളം സിലബസിൽ നാടോടി വിജ്ഞാനീയത്തിന്റെ ഭാഗമായി പടയണിയെപ്പറ്റി പഠിക്കാനുണ്ട്.

പടയണി ഗവേഷകനും ചങ്ങനാശേരി എൻഎസ്എസ് കോളേജിലെ മലയാള വിഭാഗം മുൻ മേധാവിയുമായ ഡോ. ബി രവികുമാറും പടയണി കലാകാരൻ നീലംപേരൂർ ജയനും വിദ്യാർഥികളുമായി പടയണി അനുഭങ്ങൾ പങ്കുവച്ചു. നീലംപേരൂർ പടയണിയുടെ മുഖ്യആകർഷകങ്ങളായ അന്നങ്ങളെ മരച്ചട്ടങ്ങളിൽ പണിതുയർത്തിയതിന്റെ ശില്പചാരുത വിദ്യാർഥികളെ അത്ഭുതപ്പെടുത്തി. വാഴപ്പോളയും താമരയിലയും തെച്ചിപ്പൂവും പച്ചീർക്കിലിയിൽ കുത്തി മരച്ചട്ടങ്ങളെ ചേതോഹരമാക്കുന്ന കരവിരുത് പടണികലാകാരന്മാരിൽനിന്ന് അവർ നേരിട്ടറിഞ്ഞു. ബസേലിയസ് കോളേജ് മലയാള വിഭാഗം മേധാവി പ്രൊഫ. തോമസ് കുരുവിള, ഡോ. മഞ്ജുഷ വി പണിക്കർ, ഡോ. ശരത് പി നാഥ് എന്നീ അധ്യാപകരും വിദ്യാർഥികൾക്ക് ഒപ്പമുണ്ടായിരുന്നു.

REDMI NOTE 6 PRO
MI DUAL CAMERA



# പടയണിയുടെ പൈതൃകം തേടി

## നീലംപേരൂരിലേക്ക്

**കോട്ടയം ▸** പൂരംപടയണിയുടെ പൈതൃകവും നീലംപേരൂർ ദേശത്തിന്റെ ചരിത്രവും തേടി കലാലയ വിദ്യാർഥികൾ. കോട്ടയം ബസേലിയസ് കോളേജിലെ ബി.എ. മലയാളം ഒന്നാം വർഷ വിദ്യാർഥികളാണ് പദയാത്ര നടത്തിയത്.

പുരാവൃത്തവും കലയും സംസ്കാരവും സമന്വയിക്കുന്ന പൂരംപടയണിയെ അടുത്തറിഞ്ഞപ്പോൾ പതുതലമുറയ്ക്ക് മറക്കാനാവാത്ത അനുഭവമായി. അധ്യാപകരോടൊപ്പമാണ് പടയണിഗ്രാമത്തിലേക്ക് കുട്ടികളെത്തിയത്. 'നാടോടിവിജ്ഞാനീയ'ത്തിൽ പടയണി ഇവരുടെ പാഠഭാഗമാണ്. പടയണി ഗവേഷകൻ ഡോ. ബി.രവികുമാറും പടയണി കലാകാരൻ നീലംപേരൂർ ജയനും വിദ്യാർഥികളുമായി സംവദിച്ചു. നീലംപേരൂർ പടയണിയുടെ മുഖ്യ ആകർഷകങ്ങളായ അന്നങ്ങളെ മരച്ചട്ടങ്ങളിൽ പണിതുയർത്തിയ കാഴ്ച ഇവരെ അദ്ഭുതപ്പെടുത്തി.

വാഴപ്പോളയും താമരയിലയും തെച്ചിപ്പൂവും പച്ചീർക്കിലിയിൽ കുത്തി മരച്ചട്ടങ്ങളെ ചേതോഹരമാക്കുന്ന കരവിരുത് പടയണികലാകാരന്മാരിൽനിന്ന് അവർ നേരിട്ടറിഞ്ഞു.

കോലങ്ങൾ പൊതിയാനാവശ്യമായ ആയിരക്കണക്കിന് താമരകൾക്കുവേണ്ടി നീർത്തടങ്ങളും ജലാശയങ്ങളും കുളങ്ങളും സംരക്ഷിക്കുന്നതിലൂടെ പൂരംപടയണി ഒരു 'ഹരിതോത്സ'വമായി രൂപപ്പെടുന്നതിന്റെ പ്രാധാന്യം ഡോ. ബി.രവികുമാർ വിവരിച്ചു. പ്രകൃതിവസ്തുക്കൾകൊണ്ട് വർണച്ചാർത്തുകൾ ഒരുക്കുന്നതിന്റെയും ചിത്ര-ശില്പകളുടെ അപൂർവ സമന്വയത്തിന്റെയും നേർചിത്രമായി പൂരംപടയണി മാറുന്നതിന് അധ്യാപകരും വിദ്യാർഥികളും സാക്ഷികളായി.

മതപരമായ വിശ്വാസത്തോടൊപ്പം കാർഷിക സംസ്കൃതിയെ നിലനിർത്തുകയെന്ന ധർമവും നീലംപേരൂർ പടയണിയിലൂടെ സാധ്യമാകുന്നു. ബസേലിയസ് കോളേജ് മലയാളവിഭാഗം മേധാവി പ്രൊഫ. തോമസ് കുരുവിള, ഡോ. മഞ്ജുഷ വി.പണിക്കർ, ഡോ. ശരത് പി.നാഥ് എന്നി അധ്യാപകരും ഒപ്പമുണ്ടായിരുന്നു.

▶ നീലംപേരൂർ പടയണിയെ അടുത്തറിയാനെത്തിയ ബസേലിയസ് കോളേജിലെ മലയാളവിഭാഗം വിദ്യാർഥികൾ അധ്യാപകർക്കും പടയണി കലാകാരന്മാർക്കുമൊപ്പം







# കലാകാരന്റെ ശിരസ് ഉയർന്നുതന്നെ നിൽക്കണം -സുഭാഷ്ചന്ദ്രൻ

**കോട്ടയം ▸** 'മഹാഭാരതത്തിൽ വ്യാസനും രാമായണത്തിൽ വാല്മീകിയും കഥാപാത്രങ്ങളാണ്. എഴുത്തുകാർ കഥാപാത്രങ്ങളായി വരുന്നത് എഴുത്തിന്റെ എത്രയോ പഴയരീതിയാണ്. സുഭാഷ്ചന്ദ്രൻ സമുദ്രശിലയിൽ കഥാപാത്രമായി വരുന്നതിൽ എന്താണ് തെറ്റ്.' ഇക്കാര്യം എഴുത്തുകാരൻ സുഭാഷ്ചന്ദ്രൻ നേരിട്ട് ചോദിച്ചപ്പോഴും 'അതിൽ തെറ്റില്ല. താങ്കൾ ഇനിയും മുന്നോട്ട് പോവുക' എന്നായി ബസേലിയസ് കോളേജിലെ സാഹിത്യവിദ്യാർഥികൾ. കോളേജിലെ സംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.



▶ എഴുത്തുകാരൻ സുഭാഷ്ചന്ദ്രൻ സമുദ്രശില നോവലിൽ ഒപ്പിട്ട് വായനക്കാർക്ക് നൽകുന്നു

മനുഷ്യന് മികച്ച ഒരു ആമുഖം തയ്യാറാക്കിയ എഴുത്തുകാരന്റെ ആൻമേരിയും സമുദ്രശിലയിലെ അംബയുമൊക്കെ കടന്നുവന്ന ചർച്ചയിൽ വേറിട്ടൊരു ചോദ്യവുമായി വന്നത് ഒരു എഴുത്തുകാരൻ തന്നെയാണ്. കവിയും നോവലിസ്റ്റുമായ മനോജ് കുറൂർ. സുഭാഷ്ചന്ദ്രനെക്കുറിച്ച് ചിലർക്ക് വിമർശനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം സ്വയം പുകഴ്ത്തുംവിധം അവതരിപ്പിക്കുന്നു എന്നാണ് പരാതി. തനിക്ക് ആ അഭിപ്രായം ഇല്ലെന്നും മനോജ് വ്യക്തമാക്കി.

കലാകാരന് ആത്മാഭിമാനം ഉണ്ടാകണമെന്നാണ് തന്റെ നിലപാടെന്ന് സുഭാഷ് ചന്ദ്രൻ വ്യക്തമാക്കി. ശിരസ് ഉയർന്നുതന്നെ നിൽക്കണം. അത് അഹന്തയല്ല. മായയെന്ന് ആദിശങ്കരൻ വിശേഷിപ്പിച്ച ലോകത്ത് ശൂന്യതയിൽനിന്ന് മറ്റൊരു മായാലോകം സൃഷ്ടിക്കുന്നവരാണ് എഴുത്തുകാരെന്ന് സുഭാഷ് ചൂണ്ടിക്കാട്ടി. സ്രഷ്ടാക്കളാണ് എഴുത്തുകാർ. അതിൽ ആത്മാഭിമാനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

മലയാളം വകുപ്പ് മേധാവി തോമസ് കുരുവിള അധ്യക്ഷനായി. ശബരിനാഥന്റെ കഥകളിപദത്തോടെയാണ് ചടങ്ങ് തുടങ്ങിയത്. ഇറയത്ത് ഇത്തിരിനേരം സാംസ്കാരിക കൂട്ടായ്മ, ബസേലിയസ് കോളേജ് മലയാള വിഭാഗം, മാതൃഭൂമി ബുക്ക്സ് എന്നിവർ ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.